**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3207** **04-08-2021 - ൽ മറുപടിയ്ക്ക്**

**കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജില്ലാതല അവലോകന യോഗങ്ങളിലൂടെയും, സംസ്ഥാനതല റിപ്പോർട്ടിങ്ങിലൂടെയും നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇനി എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് സ്ഥാപനം നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് മുതലമട, പല്ലശ്ശേന, അയിലൂർ, വടവന്നൂർ എലവഞ്ചേരി എന്നിവ. ഇതിൽ മുതലമട, പല്ലശ്ശേന, അയിലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ടി സ്ഥാപനങ്ങൾ നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയുമാണ്. വടവന്നൂർ, എലവഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന ജോലികൾ ഏകദേശം 70% ത്തോളം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രം നെല്ലിയാമ്പതി എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | നിലവിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്ത വടവന്നൂർ, എലവഞ്ചേരി എന്നീ |

| | | | |
|---|---|---|---|
| | | | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി തിരഞ്ഞെടുത്ത നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3207 — 04.08.2021ൽ മറുപടിക്ക്

**കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ. കെ. ബാബു (നെന്മാറ) | | ഉത്തരം<br>ശ്രീമതി വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ജില്ലാതല അവലോകന യോഗങ്ങളിലൂടെയും, സംസ്ഥാനതല റിപ്പോർട്ടിങ്ങിലൂടെയും നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇനി എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിരുന്നു. ടി സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് സ്ഥാപനം നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയാണ്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് മുതലമട, പല്ലശ്ശേന, അയിലൂർ, വടവന്നൂർ എലവഞ്ചേരി എന്നിവ. ഇതിൽ മുതലമട, പല്ലശ്ശേന, അയിലൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ടി സ്ഥാപനങ്ങൾ നിലവിൽ പൂർണ്ണമായ രീതിയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരികയുമാണ്. വടവന്നൂർ, എലവഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന ജോലികൾ ഏകദേശം 70% ത്തോളം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രം നെല്ലിയാമ്പതി എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | നിലവിൽ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്ന് | (സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്ത വടവന്നൂർ, എലവഞ്ചേരി എന്നീ |

| | | | |
|---|---|---|---|
| | തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി തിരഞ്ഞെടുത്ത നെല്ലിയാമ്പതി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

Hari

സെക്ഷൻ ഓഫീസർ